(സഭാനടപടികൾ ഉച്ചയ്ക്ക് 12.15-ന് അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും 12.47-ന് സഭ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

(2) അജണ്ട അനുസരിച്ചുള്ള ബിസിനസ്സുകൾ പൂർത്തിയാക്കേണ്ടത് സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ..... കേരള നിയമസഭയുടെ ചരിത്രത്തിൽ അസാധാരണമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നാമിവിടെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഒന്നും പോകുന്നില്ല. ഇതിനൊരു പരിഹാരം കണ്ടെത്തുക എന്ന അതിയായ ആഗ്രഹം വച്ചുകൊണ്ട്. അവസാനത്തെ പരിശ്രമം എന്ന നിലയ്ക്ക് സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായി. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള പരസ്പര ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. എന്നിട്ടൊന്നുംതന്നെ അതിന് ഫലപ്രാപ്തി ഉണ്ടായില്ല എന്ന കാര്യം വളരെ ഹൃദയവേദനയോടുകൂടി ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്. ഇന്നത്തെ ബിസിനസ്സ് രണ്ട് രൂപത്തിലുള്ളതാണ്. തുടർന്നുള്ള സഭാ നടപടികൾ എങ്ങനെ നടത്തണമെന്നതിനെ സംബന്ധിച്ച് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട്, ജൂലൈ 26 വരെയുള്ള ബിസിനസ്സ് സഭയിൽ അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തതാണ്. അതിന്റെ ആദ്യ ദിവസത്തെ ബിസിനസ്സാണ് ഇന്നിവിടെ നടക്കുന്നത്. ഈ ദിവസത്തെ ബിസിനസ്സുകളെ സംബന്ധിച്ച് മുൻകൂട്ടി തീരുമാനങ്ങൾ എടുക്കുകയും അറിയിപ്പുകൾ നൽകുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ബിസിനസ്സിലേക്ക് കടന്നപ്പോഴാണ് അല്പസമയത്തേയ്ക്ക് സഭാനടപടികൾ നിർത്തിവയ്ക്കാൻ ഞാൻ നിർബന്ധിതനായത്. എന്തായാലും ഇന്നത്തെ അജണ്ട അനുസരിച്ചുള്ള ബിസിനസ്സ് തുടരുകയാണ്. (.ബഹളം..... ബഹളം.....)

(അജണ്ട അനുസരിച്ചുള്ള തുടർ നടപടികളിലേക്ക് ബഹു. സ്പീക്കർ കടന്നപ്പോൾ പ്രതിപക്ഷ കക്ഷി അംഗങ്ങൾ യു.ഡി.എഫ്. സിന്ദാബാദ്, 'അഴിമതി വിരുദ്ധ സമരം സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് വീണ്ടും സഭയുടെ നടുത്തളത്തിലിറങ്ങി നിരാഹാര സത്യാഗ്രഹം നടത്തുന്ന അംഗങ്ങളുടെ ചുറ്റും കൂടി നിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു.)

(..... ബഹളം ..... ബഹളം.....)

മി. സ്പീക്കർ : ഇന്നത്തെ അജണ്ടയിലെ 8-ാം മത്തെ ഇനമായ ധനകാര്യത്തിലേയ്ക്ക് കടക്കുകയാണ്. ബഹളം... ബഹളം.....)

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തിനിടയിൽ താഴെപ്പറയുംപ്രകാരം സഭാ നടപടികൾ തുടർന്നു.)

LIBRARY ARCHIVES Kerala Legislative Assembly